STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.308/PR/SPMC/PHQ/2025 Date: 03.10.2025

## വൻ ലഹരി കടത്തു സംഘം തിരുവനന്തപുരം റൂറൽ ഡാൻസാഫ് സംഘത്തിന്റ പിടിയിലായി.

തിരുവനന്തപുരം : വൻ ലഹരി കടത്തു സംഘം തിരുവനന്തപുരം റൂറൽ ഡാൻസാഫ് സംഘത്തിന്റ പിടിയിലായി. വിപണിയിൽ പതിനഞ്ച് ലക്ഷത്തിൽ അധികം വിലയുള്ള 308 ഗ്രാം എംഡിഎംഎ യുമായി വനിത ഉൾപ്പെട്ട നാലു പേരടങ്ങുന്ന സംഘമാണ് പിടിയിലായത്. പരിശോധനയിൽ രണ്ട് തവണയായാണ് ഇവരിൽ നിന്നും ലഹരി വസ്തുക്കൾ പിടികൂടിയത്. വനിതയുടെ ദേഹ പരിശോധനയിൽ ആദ്യം 175 ഗ്രാം എം ഡി എം എ പിടികൂടിയിരുന്നു. സംശയം തോന്നി വീണ്ടും നടത്തിയ പരിശോധനയിൽ ആണ് 133 ഗ്രാം എം ഡി എം എ കൂടി കണ്ടെടുത്തത്. കുറച്ചുകാലമായി ഇവർ ഡാൻസാഫ് സംഘത്തിന്റ രഹസ്യ നിരീക്ഷണത്തിലായിരുന്നു. കൊല്ലം ചടയമംഗലം പോരേടം ഒലൂർക്കോണം ചരുവിള വീട്ടിൽ ഷമി (വയസ്സ് 32) കണിയാപുരം ചിറ്റാറ്റുമുക്ക് ജന്മിമുക്ക് ജന്മി മനസിലിൽ മുഹമ്മദ് കൽഫാൻ (വയസ്സ് 24), ചിറ്റാറ്റ് മുക്ക് ചിറക്കൽ മണക്കാട്ട് വിളാകം വീട്ടിൽ ആഷിക്ക് (വയസ്സ് 20), ചിറ്റാറ്റ് മുക്ക് മണക്കാട്ട് വിളാകം അൽ അമീൻ (23) എന്നിവരെയാണ് പൊഴിയൂർ ചെങ്കവിള വെച്ച് ഡാൻസാഫ് സംഘവും പൊഴിയൂർ പോലീസും ചേർന്ന് പിടികൂടിയത്. ഇവർ സഞ്ചരിച്ചിരുന്ന കാറും പോലീസ് പിടിച്ചെടുത്തു.

ബംഗളൂരുവിൽ നിന്നുമാണ് ഇവർ എംഡിഎംഎ കടത്തികൊണ്ട് വന്നത്. തിരുവനന്തപുരം കൊല്ലം ജില്ലകളിൽ വ്യാപകമായി മയക്ക് മരുന്ന് വ്യാപാരം നടത്തി വരുന്ന സംഘമാണ് ഇപ്പോൾ വലയിലായത്. സെപ്റ്റംബർ മാസത്തചന്റ ആറ്റിങ്ങൽ ഡാൻസാഫ് സംഘം മൂന്ന് വാണിജ്യ അടിസ്ഥാനത്തിൽ ഉള്ള കേസുകളിൽ നിന്നുമായി 530 ഗ്രാം എം ഡി എം യുമായി മൂന്ന് പേരെ പിടികൂടിയിരുന്നു.

കാർ വാടകയ്ക്ക് എടുത്ത് കുടുംബസമേതം വിനോദയാത്ര പോകുന്ന രീതിയിലാണ് ഇവർ ലഹരി ഉത്പന്നങ്ങൾ കേരളത്തിലെത്തിച്ചിരുന്നത്.

വാഹനത്തിന്റെ മുൻവശത്തിരിക്കുന്ന സ്ത്രീയുടെ ശരീരത്തിൽ വസ്ത്രങ്ങൾക്കിടയിൽ ചെറുപൊതികളായി എംഡിഎംഎ സൂക്ഷിക്കുകയാണ് പതിവ്. കുടുംബസമേതമുള്ള യാത്രയെന്ന നിലയിൽ മറ്റ് സംസ്ഥാനങ്ങളിലെ  പരിശോധനകളിൽ നിന്നും ഇവർ രക്ഷപ്പെട്ടിരുന്നു.

ബംഗളൂരുവിൽ നിന്ന് ലഹരി വാങ്ങി വനിതയുടെ നേതൃത്വത്തിലുള്ള സംഘം യാത്രതിരിച്ചതായി ജില്ലാ പോലിസ് മേധാവി കെ എസ്സ് സുദർശനൻ ഐ പി എസ്സ് ന് ലഭിച്ച രഹസ്യ വിവരത്തെ തുടർന്ന് സംസ്ഥാന അതിർത്തിയിലുടനീളം പൊലീസിന്റെ പ്രത്യേക നിരീക്ഷണം ഏർപ്പെടുത്തിയിരുന്നു. പൊലീസിനെ കണ്ടതോടെ ഇടറോഡിലേക്ക് വാഹനം ഓടിച്ച് കയറ്റി രക്ഷപ്പെടാൻ ശ്രമിച്ച ഇവരെ പിന്തുടർന്ന് ഡാൻസാഫ് ടീം സാഹസികമായി പിടികൂടുകയായിരുന്നു.

നർക്കോട്ടിക്ക് സെൽ ഡി വൈ എസ്സ് പി കെ പ്രദീപ് നെയ്യാറ്റിൻകര ഡി വൈ എസ്സ് പി എസ്സ് ചന്ദ്രദാസ്സ് പൊഴിയൂർ പോലീസ് ഇൻസ്പെക്ടർ എസ്സ് പി സുജിത്ത് ഡാൻസാഫ് സബ്ബ് ഇൻസ്പെക്ടർ മാരായ എഫ്. ഫയാസ്, രസൽ രാജ്, ബി. ദിലീപ്, പ്രേം കുമാർ, രാജീവൻ സംഘാങ്ങൾ ആയ അനീഷ്, അരുൺ, റിയാസ്, പത്മകുമാർ, സുനിൽരാജ്, ദിനോർ വനിതാ പോലിസ് ഉദ്യോഗസ്ഥർ ആയ സജിത, ആശ എന്നിവർ അടങ്ങിയ സംഘമാണ് അറസ്റ്റ് നടപടികൾക്ക് നേതൃത്വം നൽകിയത്.

****************************